# ക്ലാസ് നാല്

## അവധിക്കാല പരിശീലനം - പരിസരപഠനം

| ഊന്നൽ മേഖല/ ധാരണകൾ/ ആശയങ്ങൾ | ക്ലാസിൽ കാണാവുന്നത്/ ചെയ്യുന്നത്/പഠനത്തെളിവായി ലഭിക്കുന്നത്, |
|---|---|
| **സൂക്ഷ്മതല പാഠാസൂത്രണം**<br><br>1.യൂണിറ്റിലെ ആശയങ്ങൾ, പ്രക്രിയാശേഷികൾ, കുട്ടിയുടെ സാമാന്യ ധാരണ, മുന്നറിവ്, വിഭവങ്ങൾ, തന്ത്രങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ട് ആസൂത്രണക്കുറിപ്പ് തയ്യാറാക്കും<br>2. കുട്ടി നേരിടാനിടയുള്ള പ്രശ്നങ്ങൾ പരിഗണിച്ച് ആസൂത്രണക്കുറിപ്പ് നിരന്തരം മെച്ചപ്പെടുത്തി വ്യക്തിഗത പിന്തുണ നൽകും) | -കെയ്സുകൾ, ചിത്രങ്ങൾ, ജീവിതാനുഭവങ്ങൾ, വീഡിയോ ക്ലിപ്പിംഗ് തുങ്ങിയവ പ്രയോജനപ്പെടുത്തിയുള്ള പ്രശ്നാവതരണമാണ്.<br>-പരികൽപ്പന രൂപീകരണം, അന്വേഷണമേഖല നിശ്ചയിക്കൽ, രീതി തീരുമാനിക്കൽ, നിഗമനം രൂപീകരിക്കൽ എന്നിവയിൽ കൃത്യത വരുത്തുന്നതിനുള്ള വിശകലന ചോദ്യങ്ങൾ<br>-പ്രക്രിയാശേഷിയെ പഠനനേട്ടവും ആശവുമായി ബന്ധപ്പെത്തി പ്രക്രിയാവിശദാംശം പ്രതിഫലിപ്പിക്കുന്ന ആസൂത്രണം ( ഉദാ വർഗീകരണത്തിനു ഏറ്റവും അനുയോജ്യമായ രീതിയിലുള്ള പട്ടികയുടെ ഫോർമാറ്റ്,) ,<br>- പ്രക്രിയാഘട്ടങ്ങളിൽ , രേഖപ്പെടുത്തലിൽ, ആശയവിനിമയത്തിൽ, ധാരണയുടെ പ്രയോഗസന്ദർഭത്തിൽ വിലയിരുത്താനുള്ള രീതികളും പരിഗണനകളും<br>-എല്ലാ **കുട്ടികളേയും** പഠനനേട്ടത്തിനുടമയാക്കാനുള്ള അവസരങ്ങൾ -<br>-പഠനതടസങ്ങൾ മുൻകൂട്ടി കണ്ട് ഓരോ കുട്ടിക്കും നൽകേണ്ട പിന്തുണ, ഗ്രൂപ്പിൽ ഇടപെടുന്ന രീതി, രേഖപ്പെടുത്തലിൽ നൽകേണ്ട സഹായം, അവതണത്തിലെ പിന്നാക്ക പരിഗണന<br>-കുട്ടിയുടെ നോട്ട്ബുക്കിലെ രേഖപ്പെടുത്തലുകൾ -എന്തെല്ലാം, എങ്ങനെ, എപ്പോൾ എന്നതിന്റെ സൂചന<br>-ഐ സി ടി ഉൾപ്പെടെയുള്ള പഠനോപകരണങ്ങൾ പ്രയോജനപ്പെ ടുത്തേണ്ടതിന്റെ വിശദീകരണം എന്നിവ പരിഗണിച്ചുള്ള ആസൂത്രണ ക്കുറിപ്പ്.<br>-ടി എം ൽ നോട്ട് ബുക്കിലെ രേഖപ്പെടുത്തൽ, ക്ലാസ് പി ടി എ / എസ് ആർ ജിയിൽ പങ്കുവെക്കേണ്ടവ എന്നിവയെക്കുറിച്ചുള്ള സൂചന.,ആസൂത്രണത്തിനനുസരിച്ച് -പ്രവർത്തനങ്ങൾ നടന്നതിന്റെ രേഖപ്പെടുത്തലുകൾ/ പോർട്ട് ഫോളിയോ ഇനങ്ങൾ, |
| **നോട്ടുബുക്കിന്റെ സമഗ്രത**<br>1. ആശയവിനിമയത്തിന്റെ വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്തി നോട്ടുബുക്ക് മെച്ചപ്പെടുത്തും<br>2. കുട്ടിയുടെ വളർച്ച നോട്ടുബുക്കിൽ നിന്നും മനസിലാക്കാൻ സാധിക്കണം<br>3. കുട്ടിക്ക് നിരന്തരം മെച്ചപ്പെടലിനു സഹായകമായ വിധം നോട്ടുബുക്ക് വിലയിരുത്തും | -ആസൂത്രണക്കുറിപ്പിൽ നോട്ട്ബുക്കിൽ എന്തൊക്കെ എന്നതിന്റെ സൂചന (പട്ടിക, ചിത്രീകരണങ്ങൾ, വിവരശേഖരണ ഫോർമാറ്റ്, നിഗമനങ്ങൾ...)<br>**(വയലും വനവും** യൂണിറ്റിൽ ചിത്രവായന, നിരീക്ഷണം, കുളം-കര കളി എന്നിവയിലൂടെ കരയിൽ ജീവിക്കുന്നവ, വെള്ളത്തിൽ ജീവിക്കുന്നവ, കരയിലും വെള്ളത്തിലും ജീവിക്കുന്നവ എന്ന രീതിയിൽ ജീവികളെ തരംതിരിച്ച പട്ടിക, ഓരോ വിഭാഗത്തിലെയും ജീവികളുടെ പൊതു സവിശേഷതകളുടെ പട്ടിക, മത്സ്യത്തിന്റെ ചിറക്, കണ്ണ്, ആകൃതി, ചെകിള, വായ്, ചെവി,കഴുത്ത് എന്നിവയുടെ സവിശേഷതയും ജലജീവിതത്തിന് എങ്ങനെ സഹായിക്കുന്നു എന്ന പട്ടിക, -ജീവികൾ അനുകൂലനങ്ങൾ പട്ടിക, ഓരോ പട്ടികയും വിശകലനം ചെയ്ത് കുട്ടി രൂപപ്പെടുത്തിയ നിഗമനങ്ങൾ, അനുകൂലനങ്ങൾ കൃത്യമായി രേഖപ്പെടുത്തിയ മത്സ്യത്തിന്റെ ചിത്രം,<br>-ആകർഷകവും തുടർച്ചയുള്ളതുമായ നോട്ട്ബുക്ക്<br>-ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമായുള്ള രേഖപ്പെടുത്തലുകൾ<br>-അധ്യാപിക വിലയിരുത്തി ഫീഡ്ബാക്ക് നൽകിയതിന്റെ സൂചന. |
| **ഫീൽഡ് ട്രിപ്പ്**<br>1. യഥാർഥ സാഹചര്യത്തിലിടപെട്ട് ശാസ്ത്രീയമായ അറിവു നിർമിക്കുന്നതിനു കുട്ടിയെ പ്രാപ്തരാക്കുന്നതിന് ഫീൽഡ് ട്രിപ് പോലെയുള്ള പുറം പഠന സാധ്യതകൾ പ്രയോജനപ്പെടുത്തും. | -ഫീൽഡ് ട്രിപ്പിനുള്ള വ്യത്യസ്ത സാധ്യതകൾ പരിഗണിച്ചതിൻറെ തെളിവ്<br>-ആസൂത്രണക്കുറ്പ്പിലും കുട്ടിയുടെ നോട്ടുബുക്കിലും ഉണ്ട് വിവരശേഖരണത്തിനാവശ്യമായ ഫോർമാറ്റുകൾ രൂപപ്പെടുത്താൻ കുട്ടികൾക്ക് കഴിയുന്നു<br>-ശേഖരിച്ച വിവരങ്ങൾ പങ്കുവെച്ചതിന്റെ തെളിവുണ്ട് (എല്ലാ കുട്ടികളുടെയും നോട്ടുബുക്കിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്)<br>-പഠനനേട്ടത്തിനനുയോജ്യമായ വിവരങ്ങൾ നോട്ടുബുക്കിൽ കാണും |
| **ഐ സി ടി സാധ്യതകൾ**<br>1. ഓരോ യൂണിറ്റിനും ആവശ്യമായ ഐ സി ടി വിഭവങ്ങൾ ശേഖരിച്ച് പ്രയോജനപ്പെടുത്തും<br>2. ആശയരൂപീകരണത്തിന് അനുയോജ്യമായ രീതിയിൽ ഐ സി ടി വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്റെ പ്രക്രിയാ വിശദാംശങ്ങൾ ആസൂത്രണക്കുറ്പ്പിൽ സൂചിപ്പിക്കും | -വയലും വനവും യൂണിറ്റിൽ മത്സ്യത്തിന്റെ അനുകൂലനങ്ങൾ, വിവിധ ജീവികളുടെ അനുകൂലനങ്ങൾ, വിവിധ ആവാസ വ്യവസ്ഥകൾ എന്നിവയുടെ ഐ ടി വിഭവങ്ങൾ -ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്<br>-ഐ ടി വിഭവങ്ങൾ പ്രയോജനപ്പെടുത്തിയതിന്റെ പ്രക്രിയാപരമായ വിശദാംശങ്ങൾ ആസൂത്രണക്കുറ്പ്പിലുണ്ട്<br>-ഐ ടി വിഭവങ്ങൾ പ്രയോജനപ്പെടുത്തിയതിന്റെ പഠനത്തെളിവുകൾ കുട്ടിയുടെ നോട്ടുബുക്കിലുണ്ട് |

**ടൈ ഔട്ട്**

നോട്ടുബുക്ക് ആകർഷകവും സമഗ്രവുമാക്കൽ
ഐ സി ടി സാധ്യതയും പഠനമികവും
ഫീൽഡ് ട്രിപ്പ് സാധ്യതയും പ്രക്രിയാശേഷികളും
ആശയരൂപീകരണവും
സൂക്ഷ്മാസൂത്രണത്തിന്റെ പ്രായോഗികതയും മെച്ചവും